"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തസ്വഭവ- കൈപ്പറമ്പ് ഗ്രാമ പഞ്ചായത്ത്- പൊതുശ്മശാന നിർമ്മാണ ധനസഹായമായി സർക്കാരിൽ നിന്നും ലഭിച്ച തുകയിൽ ശേഷിക്കുന്ന 18,32,000/- രൂപയിൽ നിന്നും 13,45,187/- രൂപ ഗ്രാമപഞ്ചായത്തിന്റെ മറ്റ് വികസന പ്രവർത്തനങ്ങൾക്ക് ചെലവഴിക്കാൻ അനുമതി നൽകിയും ബാക്കി തുക സർക്കാരിലേക്ക് തിരിച്ചടക്കാൻ നിർദ്ദേശം നൽകിയും- ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ വകുപ്പ്**

**സ.ഉ.(സാധാ) നം.504/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 28/02/2020

പരാമർശം:- പഞ്ചായത്ത് ഡയറക്ടറുടെ 15/02/2018 ലെ ജെ.5/9866/2016 നമ്പർ കത്ത്

**ഉത്തരവ്**

ഗ്രാമപഞ്ചായത്തുകളിൽ പൊതു ശ്മശാനം നിർമ്മിക്കുന്നതിന് ധനസഹായം അനുവദിക്കുന്നതിനായി 2015-16 വർഷം തെരഞ്ഞെടുക്കപ്പെട്ട കൈപ്പറമ്പ് ഗ്രാമ പഞ്ചായത്ത് നിർമ്മാണ പ്രവൃത്തി നടത്തി ബിൽ സമർപ്പിച്ചതു പ്രകാരം 20,000,00/- രൂപയുടെ അലോട്ട്മെന്റ് നൽകിയിരുന്നു. ശ്മശാന നിർമ്മാണം, അറവുശാല നിർമ്മാണം എന്നിവയ്ക്ക് മുൻവർഷങ്ങളിലും തൻവർഷത്തിലും ഏറ്റെടുത്തപദ്ധതികൾ പൂർത്തീകരിക്കുന്ന ഗ്രാമപഞ്ചായത്തുകൾക്ക് അവയുടെ ബിൽ പ്രകാരമുള്ള മുഴുവൻതുകയും 2015-16 വർഷത്തെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നും അനുവദിക്കുന്നതിന് 30.09.2015ന് ചേർന്ന വികേന്ദ്രീകാസൂത്രണ സമിതിയുടെ 2(4) നമ്പർ തീരുമാനപ്രകാരമുള്ള നടപടികൾ സ്വീകരിക്കണമെന്ന് 20.10.2015ലെ ഡി.ബി3/616/2015/തസ്വഭവ നമ്പർ കത്ത് പ്രകാരം സർക്കാർ നിർദ്ദേശം നലകിയിരുന്നു. ആയതുപ്രകാരം ഗ്രാമപഞ്ചായത്തിന് ചെലവായ 20,00,000/-(ഇരുപത് ലക്ഷം രൂപ) രൂപയുടെ അലോട്ട്മെന്റ് 2515-00-198-36 എന്ന ബഡ്ജറ്റ് ശീർഷകത്തിൽ നൽകിയിരുന്നു. എന്നാൽ ശ്മശാന നിർമ്മാണ പ്രവൃത്തിക്കായി ചെലവായ തുക ധനകാര്യ കമ്മീഷൻ ഗ്രാന്റ്, തനത് ഫണ്ട് എന്നിവയിൽ നിന്നും നൽകിയതിനാൽ ബാക്കി നിന്ന 1,68,000/- രൂപ മാത്രമെ ഗ്രാമ പഞ്ചായത്തിന് നിർവ്വഹണ ഏജൻസിക്ക് നൽകേണ്ടതായി വന്നിട്ടുള്ളൂ. ബാക്കിയുള്ള 18,32,000/-രൂപ തനത് ഫണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്.

2) ഗ്രാമ പഞ്ചായത്തുകളുടെ മറ്റ് വികസന പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കാമായിരുന്ന തുകയാണ് ശ്മശാന നിർമ്മാണ പ്രവൃത്തികൾക്ക് ചെലവഴിച്ചത് എന്നുള്ളതിനാൽ ശ്മശാന നിർമ്മാണ ധനസഹായമായി ലഭിച്ച തുകയിൽ ബാക്കി നിൽക്കുന്ന 18,32,000/-രൂപ പ്ലാൻ ഫണ്ടിൽ നിന്നും ചെലവഴിക്കണമെന്ന നിബന്ധനകളോടെ ചെലവഴിക്കുന്നതിന് അനുമതി നൽകണമെന്ന് കൈപ്പറമ്പ് ഗ്രാമ പഞ്ചായത്ത് അപേക്ഷിച്ചിരുന്നു. ശ്മശാനനിർമ്മാണ ധനസഹായമായി അനുവദിക്കുന്ന തുക അതാത് സാമ്പത്തിക വർഷം ചെലവഴിക്കേണ്ടതും

ബാക്കി വരുന്ന തുക സർക്കാരിലേക്ക് സറണ്ടർ ചെയ്യേണ്ടതുമായതിനാൽ ഗ്രാമ പഞ്ചായത്തിന് ലഭിച്ച ധനസഹായം നഷ്ടപ്പെടാതിരിക്കുവാൻ മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി പദ്ധതി തുക പിൻവലിച്ച് തനത് ഫണ്ടിൽ സൂക്ഷിച്ച നടപടി സാധൂകരിച്ച് ബാക്കി നിൽക്കുന്ന തുക നിലവിലുള്ള ശ്മശാനത്തിന്റെ നവീകരണത്തിന് വിനിയോഗിക്കുന്നതിന് അനുമതി നൽകണമെന്ന കൈപ്പറമ്പ് ഗ്രാമ പഞ്ചായത്തിന്റെ ആവശ്യം പരാമർശം കത്ത് പ്രകാരം പഞ്ചായത്ത് ഡയറക്ടർ ശുപാർശ ചെയ്തിരുന്നു.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്മശാന നിർമ്മാണത്തിനായി ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും ചെലവഴിച്ചത് ആകെ 13,45,187/- രൂപയാണെന്ന് കൈപ്പറമ്പ് ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുള്ളതിനാൽ ശ്മശാന നിർമ്മാണ ധനസഹായമായി സർക്കാരിൽ നിന്നും ലഭിച്ച തുകയിൽ ശേഷിക്കുന്ന 18,32,000/- പതിനെട്ട് ലക്ഷത്തി മുപ്പത്തി രണ്ടായിരം )രൂപയിൽ നിന്നും 13,45,187/-(പതിമൂന്ന് ലക്ഷത്തി നാല്പത്തി അയ്യായിരത്തി ഒരുനൂറ്റി എൺപത്തേഴ് രൂപ ഗ്രാമപഞ്ചായത്തിന്റെ മറ്റ് വികസന പ്രവർത്തനങ്ങൾക്ക് ചെലവഴിക്കാൻ അനുമതി നൽകുന്നതോടൊപ്പം ബാക്കി തുക സർക്കാരിലേക്ക് തിരിച്ചടക്കാൻ നിർദ്ദേശം നൽകുന്നു. കൂടാതെ സർക്കാരിന് പലിശയിനത്തിൽ ലഭിക്കേണ്ടിയിരുന്ന തുക, പഞ്ചായത്ത് അധികൃതരുടെ തെറ്റായ നടപടി മൂലം നഷ്ടമായതിനാൽ ഭാവിയിൽ ഇത്തരത്തിലുള്ള ക്രമവിരുദ്ധ സാമ്പത്തിക നടപടികൾ ആവർത്തിക്കരുതെന്ന കർശനമായ നിർദ്ദേശവും നൽകി കൊണ്ട് മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി പദ്ധതി തുക പിൻവലിച്ച് തനത് ഫണ്ടിൽ സൂക്ഷിച്ച കൈപ്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ നടപടിക്കു സാധൂകരണം നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പാറ്റ്സി സ്റ്റീഫന്
**ജോയിന്റ് സെക്രട്ടറി**

പകർപ്പ്
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
അക്കൗണ്ടന്റ്ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.
സെക്രട്ടറി, കൈപ്പറമ്പ് ഗ്രാമ പഞ്ചായത്ത്, തൃശ്ശൂർ ജില്ല
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ